LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാലയെ പൂർണ്ണമായും കടലാസ് രഹിത സർവ്വകലാശാലയാക്കുക എന്ന ഉദ്ദേശത്തോടെ, കേരള കാർഷിക സർവ്വകലാശാലയിലെ പ്രവർത്തനങ്ങളെയും ഡിജിറ്റലൈസ് ചെയ്യുക, ഭരണനിർവ്വഹണം, ഗവേഷണം, ധനകാര്യവിഭാഗം, അക്കാദമിക് തുടങ്ങിയ പ്രധാന പ്രവർത്തന മേഖലയിലെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ ഭരണനിർവ്വഹണം, വിദ്യാർത്ഥികളുടെ സേവന സംബന്ധമായ ആവശ്യങ്ങൾ എന്നിവ കൂടാതെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും കർഷകരുടെയും ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചെയ്യുക, സർക്കാർ വകുപ്പുകളുമായും മറ്റു സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായുമുള്ള ഇടപാടുകൾ കാര്യക്ഷമമാക്കുക, ഓൺലൈൻ ആയി തന്നെ വിവരങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മൃഗസംരക്ഷണ വകുപ്പിൽ വിവിധ പദ്ധതികൾക്കായി**
**വകയിരുത്തിയ തുക**

135 (5485) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മൃഗ സംരക്ഷണ വകുപ്പിൽ വകയിരുത്തിയിരുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപയാണ് ചെലവാക്കാനായതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മൃഗസംരക്ഷണ വകുപ്പിന് വകയിരുത്തിയിരുന്നത് 21177.03 ലക്ഷം രൂപയാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) ഈ തുക ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപയാണ് ചെലവഴിക്കാനായതെന്നുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമനമ്പർ | പദ്ധതിയുടെ പേര് | പുതുക്കിയ ബഡ്ജറ്റ് പ്രൊവിഷൻ (തുക ലക്ഷത്തിൽ) | ചെലവായ തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം | 355 | 271.27 |
| 2 | ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് | 290 | 223.19 |
| 3 | മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ | 2570 | 1475.66 |

### താറാവ് കർഷകർക്ക് നഷ്ടപരിഹാരം

136 (5486) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കർഷകർക്ക് താറാവ് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്തായിരുന്നു ; അർഹതപ്പെട്ട കർഷകർക്ക് താറാവിനെ നൽകാൻ ഉദ്യോഗസ്ഥർ തയ്യാറാകാത്ത സാഹചര്യത്തിൽ, കർഷകർ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ശ്രീ. കെ. സുഗതൻ, കോമന, അമ്പലപ്പുഴ, രണ്ടുപറയിൽ അമ്പലപ്പുഴ; ശ്രീ. കെ. വി. രവീന്ദ്രൻ, പുഷ്പാലയം, കരുമാടി. പി. ഒ, അമ്പലപ്പുഴ എന്നിവർക്ക് താറാവിനെ നൽകിയിരുന്നോ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly